**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1554** **30-08-2022 - ൽ മറുപടിയ്ക്ക്**

**ആറ്റിങ്ങൽ കൊട്ടാരത്തിന്റെ നവീകരണ പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ഒ എസ് അംബിക | | ശ്രീ. അഹമ്മദ് ദേവർകോവിൽ<br>(തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പ് മന്ത്രി) | |
| (എ) | ആറ്റിങ്ങൽ കൊട്ടാരത്തിന്റെ നവീകരണവുമായി ബന്ധപ്പെട്ട് നടത്തിയ പ്രവർത്തനങ്ങൾ വിശദമാക്കുമോ? | (എ) | തിരുവനന്തപുരം ജില്ലയിലെ പുരാവസ്തു വകുപ്പിന്റെ സംരക്ഷിത സ്മാരക പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള ആറ്റിങ്ങൽ കൊട്ടാരത്തിന്റെ സമഗ്ര സംരക്ഷണ പ്രവൃത്തികൾക്കായി 105 ലക്ഷം രൂപ വകയിരുത്തിയിരുന്നു. ഇതുപ്രകാരമുള്ള സംരക്ഷണപ്രവർത്തികളിൽ മുഖ്യഘടകമായ കൊട്ടാരത്തിന്റെ ഇരുനില മുഖമണ്ഡപത്തിന്റെ ശാസ്ത്രീയ സംരക്ഷണ പ്രവൃത്തികൾ പൂർത്തിയായി. മുഖമണ്ഡപത്തിന്റെ നാശോന്മുഖമായിരുന്ന മേൽക്കൂര, ഭിത്തികൾ, തൂണുകൾ, കൈവരികൾ, അലങ്കാരപ്പണിത്തരങ്ങൾ തുടങ്ങിയവയെല്ലാം പൂർവ്വസ്ഥിതിയിൽ ശാസ്ത്രീയമായ രീതിയിൽ പുനഃസ്ഥാപിച്ചിട്ടുണ്ട്. കൊട്ടാരത്തിലെ നാലു കെട്ടിന്റെ ജീർണ്ണത പരിഹരിക്കുന്നതിനുള്ള പ്രവൃത്തികൾ നിലവിൽ പുരോഗമിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ